**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6418** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഐ.എഫ്.എഫ്.കെ.യ്ക്ക് വേണ്ടി ഫെസ്റ്റിവൽ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എഫ്.എഫ്.കെ.യ്ക്ക് വേണ്ടി തിരുവനന്തപുരത്ത് ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (എ) | ഫിലിം ഫെസ്റ്റിവലിന് ഒരു സ്ഥിരംവേദി എന്ന ആവശ്യം നിറവേറ്റുന്നതിന് 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണത്തിന് 50 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിനോടനുബന്ധിച്ചുള്ള 15 ഏക്കർ ഭൂമിയിൽ ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിക്കുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് 100 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു. 2017 ൽ 100 കോടി രൂപയ്ക്ക് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കോംപ്ലക്സ് നിർമ്മിക്കാൻ ഭരണാനുമതി നൽകി. വിശദമായ പദ്ധതിരേഖ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി മുന്നോട്ടുപോയെങ്കിലും നഗരത്തിൽ നിന്നുള്ള ദൂരം സംബന്ധിച്ച വിമർശനങ്ങൾ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ചിത്രാഞ്ജലിയിൽ സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ